# ആത്മാവിന്റെ അവസ്ഥാന്തരങ്ങൾ

ആത്മാവ് മുന്നിലും ശരീരം പിന്നിലും അവക്കിടയിൽ സന്തുലനം പാലിച്ചുകൊണ്ട് ബുദ്ധിയും നിൽക്കണം. അപ്പോഴാണ് മനുഷ്യന്റെ സമഗ്ര പുരോഗതി സാധ്യമാവുക. അല്ലെങ്കിൽ ചത്ത ആത്മാക്കളെ പേറുന്ന ചീർത്ത ശരീരങ്ങൾ മാത്രമായി നാം മാറും!

**മനുഷ്യൻ** ആത്മാവും ശരീരവും ചേർന്നതാണ്. അല്ലെങ്കിൽ മനുഷ്യൻ ആത്മാവും മനസ്സും ബുദ്ധിയും ശരീരവും ചേർന്നതാണ്. *റൂഹ്, നഫ്സ്, ഖൽബ്, അഖ്ൽ* തുടങ്ങിയ വിശുദ്ധ ഖുർആന്റെ പ്രയോഗങ്ങൾ 'വൈജ്ഞാനിക രസ'ത്തിന്റെ മഹാ വാതായനങ്ങൾ തുറന്നുതരുന്നവയാണെന്ന് ധിഷണാശാലികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരം സൈദ്ധാന്തിക ചർച്ചയല്ല ഇവിടെ ഉദ്ദേശ്യം.

മനുഷ്യാത്മാവിനെ ഒരു സ്ഫടികത്തോട് ഉപമിക്കാം. സ്ഫടികം സ്വതേ തിളങ്ങുന്നു. എന്നാൽ നന്മയുടെ സൂര്യവെളിച്ചത്തിൽ അത് ജ്വലിച്ചുനിൽക്കും. തിന്മയുടെ അന്ധകാരത്തിലാവട്ടെ സ്ഫടികം ജ്വലിക്കുന്നില്ല. അന്ധകാരം കൂടുന്നതിനനുസരിച്ച് ചുറ്റും വൃത്തികേടുകളുടെ മാറാല പടരുന്നു. ഒടുവിൽ സ്ഫടികത്തെ തന്നെ കരി ബാധിക്കുന്നു!

ആത്മാവിന്റെ മൂന്ന് അവസ്ഥകളെ പറ്റി ഖുർആൻ പറയുന്നുണ്ട്. അന്നഫ്സുൽ അമ്മാറ (*യൂസുഫ്* 53), അന്നഫ്സുല്ലവ്വാമ (*അൽഖിയാമ* 2), അന്നഫ്സുൽ മുത്മഇന്ന (*അൽ ഫജ്ർ* 27). ഇവ യഥാക്രമം തിന്മയിലേക്ക് നയിക്കുന്ന മനസ്സ്, നിരൂപണം ചെയ്യുന്ന മനസ്സ്, ശാന്തിയടഞ്ഞ ആത്മാവ് എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

അന്നഫ്സുൽ അമ്മാറയെന്നത് പൊതുവെ മനുഷ്യന്റെ യൗവനകാലാവസ്ഥയാണ്. യൗവനത്തിൽ ദേഹേഛ കടിഞ്ഞാൺ പൊട്ടിക്കുന്നു (കടിഞ്ഞാണേ ഇല്ലാത്തവരുടെ കഥ പറയേണ്ടതില്ല). അത് തിന്മയിൽ അഭിരമിക്കുന്നു. അമിത വിനോദത്തിലും സദാചാരവിരുദ്ധ പ്രവർത്തനങ്ങളിലും യൗവനം പാഴാവുന്നു. പക്ഷേ, ഈ കാലഘട്ടം അധികം നീണ്ടുനിൽക്കുന്നില്ല. ഉടൻതന്നെ നാം അന്നഫ്സുല്ലവ്വാമ പ്രാപിക്കും. അതോടെ നന്മ-തിന്മകളെ നന്നായി നിരൂപണം ചെയ്ത് ശീലിക്കും. തിന്മ സംഭവിച്ചാൽ ആദ്യത്തെ പോലെ അതിനെ ന്യായീകരിച്ച് ശഠിച്ചുനിൽക്കില്ല. പകരം കുറ്റസമ്മതവും മനോവിഷമവും ഉടലെടുക്കുന്നു. സ്വന്തം ന്യൂനതകളും ദൗർബല്യങ്ങളും തിരിച്ചറിയുന്ന വേളയാണിത്. അന്വേഷണ തൃഷ്ണയും ദൈവത്തോടടുക്കാനുള്ള മോഹവും ഈ ഘട്ടത്തിന്റെ സവിശേഷതയായിരിക്കും. തുടർന്ന് അന്നഫ്സുൽ മുത്മഇന്നയിലെത്തുന്നു. ഇതാണ് ഏറ്റവും സാർഥകമായ അവസ്ഥ. പോയകാല ചെയ്തികളിൽ അതീവ മനഃപ്രയാസവും ദുഃഖവും ഉണ്ടാവുന്നു. അല്ലാഹുവോട് നിരന്തരം പശ്ചാത്തപിക്കുന്നു. സദാ സൽകർമങ്ങളിൽ മുഴുകുന്നു.

എന്നാൽ എല്ലാ മനുഷ്യരും മേൽ പറഞ്ഞ അവസ്ഥകളിലൂടെ കടന്നുപോവണമെന്നില്ല. ഇങ്ങനെ കൃത്യമായ ഒരു രീതി പാലിക്കണമെന്നുമില്ല. അന്നഫ്സുൽ അമ്മാറയുടെ കെടുതികൾ അറിയാതെ തന്നെ ഉയർന്ന പദവികൾ പ്രാപിക്കുന്ന പരിശുദ്ധാത്മാക്കളുണ്ട്. മറിച്ച് നഫ്സുൽ അമ്മാറയിൽതന്നെ കെട്ടുപിണഞ്ഞ് ജീവിതം മുഴുവൻ നരകമാക്കുന്ന മനുഷ്യരുമുണ്ട്. അകത്തെ മാലിന്യങ്ങളും പുറത്തെ മാലിന്യങ്ങളും ഒരുപോലെ തൂത്തു വൃത്തിയാക്കണം. ആത്മസംസ്കരണമെന്നാൽ മനഃശുദ്ധി മാത്രമാണെന്നത് പിൽക്കാലത്ത് വന്ന തെറ്റായ ധാരണയാണ്. ഖുർആനും സുന്നത്തും സംസ്കരണത്തെ സമഗ്രമായാണ് വരച്ചുകാട്ടിയത്.

ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്: ദേഹേഛ മനുഷ്യന്റെ ഭാഗമാണെങ്കിൽ തിന്മയും മനുഷ്യപ്രകൃതിയുടെ ഭാഗമല്ലേ? ഉത്തരം 'അല്ല' എന്നാണ്. അതായത് ദേഹേഛ മൗലികമായി തിന്മയല്ല. അല്ലാഹുവിങ്കലേക്ക് എത്താനുള്ള, നന്മ ചെയ്യാനുള്ള ഒരാത്മദാഹം നമ്മുടെ ഉള്ളിലുണ്ടല്ലോ. ഇതുപോലെ ശാരീരികതൃഷ്ണകളെ ശമിപ്പിക്കാനുള്ള, ദേഹത്തിന്റെ ദാഹം തീർക്കാനുള്ള സ്വാഭാവികമായ ഒരു സംവിധാനമാണ് ദേഹേഛ. ഇത് പക്ഷേ നിയമാനുസൃതം വേണം ശമിപ്പിക്കാൻ.

ഇസ്‌ലാമിക ചിന്തകർ മനുഷ്യനിലെ മൂന്ന് ശക്തികളെ പരാമർശിക്കുന്നത് കാണാം. ദേഹേഛ (ശഹ്‌വത്ത്), കോപം (ഗദബ്), ബുദ്ധി (അഖ്ൽ) എന്നിവ. 'ശഹ്‌വത്ത്' നമ്മുടെ വൈകാരിക ശമനിയാണെങ്കിൽ 'ഗദബ്' സ്വയംരക്ഷക്കുള്ള ആയുധമാണ്. 'അഖ്ൽ' അവയെ നിയന്ത്രിച്ചു നിർത്തുന്ന റഫറിയും! അപ്പോൾ ജീവിതം രണ്ടു കുതിരകൾ പൂട്ടിയ വണ്ടിയാകുന്നു. അഥവാ ശഹ്‌വത്ത്, ഗദബ് എന്നീ കുതിരകളെ നിയന്ത്രിക്കാൻ അഖ്ൽ എന്ന കുതിരക്കാരൻ തന്നെ വണ്ടി ഓടിക്കണം. ഖേദകരമെന്നു പറയട്ടെ, ആധുനിക മനുഷ്യൻ വണ്ടിക്ക് പിറകിലാണ് കുതിരയെ കെട്ടിയിരിക്കുന്നത്... അഥവാ ആത്മാവ് പിന്നിലും ശരീരം മുന്നിലുമാണിവിടെ. വികാരം മുമ്പിലും ബുദ്ധി പിറകിലും. ഈ തലതിരിവ് മാറ്റിയേ തീരൂ. ആത്മാവ് മുന്നിലും ശരീരം പിന്നിലും അവക്കിടയിൽ സന്തുലനം പാലിച്ചുകൊണ്ട് ബുദ്ധിയും നിൽക്കണം. അപ്പോഴാണ് മനുഷ്യന്റെ സമഗ്ര പുരോഗതി സാധ്യമാവുക. അല്ലെങ്കിൽ ചത്ത ആത്മാക്കളെ പേറുന്ന ചീർത്ത ശരീരങ്ങൾ മാത്രമായി നാം മാറും! ■